ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:16.01.2025**

## പ്രധാനവാർത്തകൾ

1). **ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ മൂന്നാം വിക്ഷേപണത്തറ സജ്ജീകരിക്കുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അനുമതി. കേന്ദ്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി എട്ടാം ശമ്പള കമ്മീഷൻ രൂപീകരിക്കാനും തീരുമാനം.**

2) **മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളിലൂടെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളം മാറിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

3) സംസ്ഥാന നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഗവർണറുടെ നയപ്രഖ്യാപനത്തോടെ നാളെ തുടക്കം.

4) **മാർച്ച് 31 നകം സംസ്ഥാനത്ത് ആർ.സി ബുക്കുകൾ ഡിജിറ്റലാക്കുമെന്ന് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ.**

5) **എഴുത്തച്ഛൻ പുരസ്കാരം പ്രശസ്ത സാഹിത്യകാരൻ എൻ.എസ്. മാധവന് മുഖ്യമന്ത്രി സമ്മാനിച്ചു.**

6) **ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ്.സി മുംബൈ സിറ്റിയെ നേരിടും.**

==========================================

RNU TVPM

## എട്ടാം ശമ്പള കമ്മീഷൻ

ശ്രീഹരിക്കോട്ട സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ മൂന്നാം വിക്ഷേപണത്തറ സജ്ജീകരിക്കുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അനുമതി. 3,985 കോടി രൂപ നിർമാണ ചെലവിൽ നാല് വർഷം കൊണ്ട് നിർമാണം പൂർത്തീകരിക്കും. ദേശീയ പ്രാധാന്യമുള്ള ഈ തീരുമാനം ഗഗൻയാൻ ഉൾപ്പെടെ ഐ.എസ്.ആർ.ഒയുടെ ഭാവി ദൗത്യങ്ങൾക്ക് ശേഷി പകരുമെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. കേന്ദ്ര സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി എട്ടാം ശമ്പള കമ്മീഷൻ രൂപീകരിക്കുന്നതിനും മന്ത്രിസഭ അനുമതി നൽകി. ഏഴാം ശമ്പള കമ്മീഷൻറെ കാലാവധി 2026 ൽ അവസാനിക്കുന്ന സാഹചര്യത്തിലാണ് തീരുമാനം. കമ്മീഷൻ ചെയർമാനെയും രണ്ട് അംഗങ്ങളെയും ഉടൻ നിയമിക്കുമെന്നും ശ്രീ അശ്വിനി വൈഷ്ണവ് വ്യക്തമാക്കി .

**(ഹോൾഡ്)**

RNU TVPM

========================================

## മുഖ്യമന്ത്രി

മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിലൂടെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളം മാറിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇത് സംസ്ഥാനത്തിൻ്റെ വ്യവസായ വേഗത കൂട്ടിയതായും മുഖ്യമന്ത്രി പറഞ്ഞു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായി തിരുവനന്തപുരത്ത് നടന്ന യോഗത്തിൽ ഐ.ടി കമ്പനി പ്രതിനിധികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. കൂടുതൽ ടെക്നോ പാർക്കുകൾക്ക് സംസ്ഥാന സർക്കാർ സന്നദ്ധമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. .

========================================

## കേരള നിയമസഭ (ഇൻട്രോ)

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് നാളെ തുടക്കമാകും. ഗവർണറുടെ നയപ്രഖ്യാപനത്തോടെയാകും സമ്മേളനം ആരംഭിക്കുക.
വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.......

**(വോയ്സ്)**

==============================================

## ഐഎസ്ആർഒ

സ്പേഡെക്സ് ദൗത്യത്തിലെ നിർണായക ഘട്ടമായ ഡോക്കിങ്ങ് പ്രക്രിയ വിജയകരമായി പൂർത്തിയാക്കി ഐഎസ്ആർഒ. രണ്ട് ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിൽ വച്ച് കൂട്ടിയോജിപ്പിക്കുന്ന ഘട്ടമാണിത്. ഇതോടെ സ്പെയ്സ് ഡോക്കിംഗ് വിജയകരമായി പൂർത്തിയാക്കിയ നാലാമത്തെ രാജ്യമായി ഇന്ത്യ മാറി. തിളക്കമാർന്ന ഈ നേട്ടത്തിൽ ഐഎസ്ആർഒ ശാസ്ത്രജ്ഞരെ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയ പ്രമുഖർ അഭിനന്ദിച്ചു.

RNU TVPM

==============================================

## റിപ്പബ്ലിക് ദിനാഘോഷം

ന്യൂഡൽഹിയിൽ ഈ മാസം 26 ന് നടക്കുന്ന 76-ാമത് റിപ്പബ്ലിക് ദിനാഘോഷത്തിൽ ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ മുഖ്യാതിഥിയാകും . പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരമാണ് അദ്ദേഹം രാജ്യത്തെത്തുന്നത്.

==============================================

## കെ ബി ഗണേഷ് കുമാർ

മോട്ടാർ വാഹന വകുപ്പിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി മാർച്ച് 31 നകം ആർസി ബുക്ക് ഡിജിറ്റലാക്കുമെന്ന് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ. ഡ്രൈവിംഗ് ടെസ്റ്റ് പാസ്സായി ഇറങ്ങുമ്പോൾ തന്നെ ലൈസൻസുമായി പോകാവുന്ന തരം സംവിധാനവും സംസ്ഥാനത്ത് ഒരുക്കും. റോഡ് സുരക്ഷാ

ഫണ്ട് ഉപയോഗിച്ച് മോട്ടോർ വാഹന വകുപ്പ് വാങ്ങിയ 20 ബൊലേറോ വാഹനങ്ങൾ കനകക്കുന്നിൽ ഫ്ളാഗ് ഓഫ് ചെയ്യുകയായിരുന്നു മന്ത്രി.

==============================================

## കളരിപ്പയറ്റ്

ഉത്തരാഖണ്ഡിൽ ഈ മാസം 28 ന് ആരംഭിക്കുന്ന ദേശീയ ഗെയിംസിൽ കളരിപ്പയറ്റ് മത്സരയിനമാക്കാൻ തയ്യാറാകാത്ത ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ നടപടി അപലപനീയമാണെന്ന് കായിക മന്ത്രി വി അബ്ദുറഹിമാൻ. കളരിപ്പയറ്റ് മത്സരയിനമാക്കി ഒരാഴ്ചയ്ക്കകം പുതുക്കിയ മത്സരക്രമം പുറത്തിറക്കണമെന്ന് ഡൽഹി ഹൈക്കോടതി നിർദേശം നൽകിയിട്ടും ഇത് നടപ്പാക്കാത്തത് നിരുത്തരവാദപരമാണെന്നും അദ്ദേഹം വിമർശിച്ചു .

==============================================

## ഗോപൻ സ്വാമി

നെയ്യാറ്റിൻകര സമാധി വിവാദത്തിൽ, ഗോപൻ സ്വാമിയുടെ പോസ്റ്റ്മോർട്ടം നടപടികൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇന്ന് നടന്നു. ശരീരത്തിൽ ക്ഷതങ്ങളോ മുറിവുകളോ ഇല്ലെന്ന് പ്രാഥമിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ആന്തരിക അവയവങ്ങളുടെ രാസപരിശോധനാ ഫലം കൂടി പുറത്തു വന്നതിനു ശേഷമേ മരണം സ്വാഭാവികമാണോ എന്നതിൽ വ്യക്തത വരികയുള്ളൂ. കനത്ത പൊലീസ് സുരക്ഷയിലാണ് ഇന്ന് രാവിലെ മൃതദേഹം പുറത്തെടുത്തത്. സംസ്കാര ചടങ്ങുകൾ നാളെ വീട്ടുവളപ്പിൽ നടക്കും.

==============================================

## തൃശ്ശൂർ - ചിൽഡ്രൻസ് ഹോം

തൃശൂർ രാമവർമ്മപുരത്തെ ചിൽഡ്രൻസ് ഹോമിൽ യുപി സ്വദേശിയായ 16-കാരൻ അങ്കിതിനെ കൊലപ്പെടുത്തിയ സംഭവത്തിൽ 15 -കാരനെ വിയ്യൂർ പോലീസ്

RNUTVPM

കസ്റ്റഡിയിലെടുത്തു. ഇന്നലെ രാത്രി ഇരുവരും തമ്മിൽ തർക്കം നടക്കുന്നതിനിടെ മർദ്ദനമേറ്റതിൻറെ വൈര്യാഗ്യത്തിലാണ് കൊലപാതകം. സംഭവത്തിൽ ചിൽഡ്രൻസ് ഹോമിലെ കെയർടേക്കർമാർക്ക് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

==========================================

## ഡി.വൈ.എസ്.പി നന്ദകുമാർ,പത്തനംതിട്ട

പത്തനംതിട്ടയിൽ വിദ്യാർഥിനിയെ പീഡിപ്പിച്ച കേസിൽ 49 പ്രതികളെ അറസ്റ്റുചെയ്തതായും, ഒൻപതു പ്രതികളെ ക്കൂടി പിടികൂടാനുണ്ടെന്നും അന്വേഷണ ഉദ്യോഗസ്ഥനായ ഡി.വൈ.എസ്.പി നന്ദകുമാർ . വിദേശത്തുള്ള രണ്ടുപേർക്കായി ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിക്കും. പ്രതികളിൽ അഞ്ചുപേർ 18വയസിൽ താഴെയുള്ളവരായതിനാൽ, ഇവരെ ജുവനൈൽ ജസ്റ്റിസ് ബോർസിന്നുമുന്നിൽ ഹാജരാക്കിയിട്ടുണ്ടെന്നും ഡി.വൈ.എസ്.പി അറിയിച്ചു.

RNUTVPM

==========================================

## ഷാരോൺ വധക്കേസ് വിധി നാളെ

കോളിളക്കം സൃഷ്ടിച്ച തിരുവനന്തപുരം നെയ്യാറ്റിൻകര ഷാരോൺ വധക്കേസിൽ നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി നാളെ വിധി പ്രഖ്യാപിക്കും. മൂന്ന് വർഷത്തെ വിചാരണയ്ക്ക് ശേഷമാണ് വിധി വരുന്നത്. കാമുകനായ ഷാരോൺ രാജിനെ പ്രതി ഗ്രീഷ്മ കഷായത്തിൽ വിഷം നൽകി കൊലപ്പെടുത്തിയെന്നാണ് കേസ്. ഗ്രീഷ്മയുടെ മാതാവും അമ്മാവനും കേസിൽ പ്രതികളാണ്.

==========================================

## എഴുത്തച്ഛൻ പുരസ്കാരം

2024ലെ എഴുത്തച്ഛൻ പുരസ്കാരം പ്രശസ്ത സാഹിത്യകാരൻ എൻ.എസ്. മാധവന് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിച്ചു. സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നടന്ന

ചടങ്ങിൽ മന്ത്രി സജി ചെറിയാൻ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു.

==========================================

## രമേശ് ചെന്നിത്തല

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ബ്രൂവറിയും ഡിസ്റ്റിലറിയും സ്ഥാപിക്കാൻ ഒയാസിസ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയ മന്ത്രിസഭായോഗ തീരുമാനത്തിൽ വൻ അഴിമതിയെന്ന് ആരോപിച്ച് മുൻ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല. നടപടികൾ യാതൊന്നും പാലിക്കാതെ രഹസ്യമായി മന്ത്രിസഭാ യോഗത്തിലേക്ക് കൊണ്ടുവന്നാണ് തീരുമാനത്തിന് അനുമതി നൽകിയതെന്നും, അദ്ദേഹം കൊല്ലത്ത് വിമർശനം ഉന്നയിച്ചു.

==========================================

## വി .ഡി .സതീശൻ

RNUTVPM

പ്രതിപക്ഷ നേതാവ് വി .ഡി .സതീശൻ നയിക്കുന്ന യു ഡി എഫ് മലയോര സമര പ്രചരണ യാത്ര കണ്ണൂർ ജില്ലയിൽ നിന്ന് ഈ മാസം 25ന് ആരംഭിക്കുമെന്ന് യു.ഡി.എഫ് കൺവീനർ എം എം ഹസ്സൻ . ഇരിക്കൂർ മണ്ഡലത്തിലെ കരുവഞ്ചാലിൽ എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ യാത്ര ഉദ്ഘാടനം ചെയ്യും.യുഡിഎഫിൽ ഉൾപ്പെടുത്താൽ മുൻ എം എൽ എ പി വി അൻവർ രേഖാമൂലം ആവശ്യപ്പെട്ടാൽ ഇക്കാര്യം മുന്നണിയിലെ മറ്റ് പാർട്ടികളുമായി ചർച്ച ചെയ്യുമെന്നും ശ്രീ എം എം ഹസ്സൻ പറഞ്ഞു.

==========================================

## നീറ്റ് - യു ജി

മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി നടത്തുന്ന NEET UG -2025 പരീക്ഷ, പേന- പേപ്പർ രീതിയിൽ നടത്തുമെന്ന് ദേശീയ ടെസ്റ്റിംഗ് ഏജൻസി . OMR

അടിസ്ഥാനമാക്കി നടത്തുന്ന പരീക്ഷ ഒരേ ദിവസം ഒറ്റ ഷിഫ്റ്റിലായിരിക്കും നടത്തുകയെന്നും NTA അറിയിച്ചു .

==========================================

## ഐ.എസ്.എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ്.സി മുംബൈ സിറ്റിയെ നേരിടും. രാത്രി 7.30-ന് ഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

==========================================

## ഓഹരി വിപണി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 319 പോയിൻറ് ഉയർന്ന് 77,043 ലും നിഫ്റ്റി 99 പോയിൻറ് നേട്ടത്തിൽ 23,312 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില ഉയർന്നു. പവന് 400 രൂപ വർധിച്ച് 59,120 രൂപയും ഗ്രാമിന് 50 രൂപ ഉയർന്ന് 7,390 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

==========================================

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 19-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും mygov ഓപ്പൺ ഫോറത്തിലോ 1800 11 7800 എന്ന ടോൾഫ്രീ നമ്പറിലോ നാളെ വരെ പങ്കുവയ്ക്കാവുന്നതാണ്.

==========================================

## താമരശ്ശേരി ചുരം

കോഴിക്കോട് താമരശ്ശേരി ചുരം റോഡിലെ മൂന്ന് ഹെയർപിൻ വളവുകൾകൂടി വീതികൂട്ടി നിവർത്തുന്നതിന് ഭരണാനുമതിയായി. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ആറ്, ഏഴ്, എട്ട് വളവുകളാണ് നവീകരിക്കുക. ഇതിനായി 37.16 കോടി രൂപ കേന്ദ്ര ഉപരിതല

ഗതാഗത മന്ത്രാലയം അനുവദിച്ചു. നിർമാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് അറിയിച്ചു. കോഴിക്കോട്-വയനാട് പാതയിലെ മണിക്കൂറുകൾ നീളുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കാൻ സഹായിക്കുന്നതാണ് ഈ നടപടി.

====================================================

RNU TVPM